ശ്രീ. എ. എം. തോമസ്: ഇപ്പോൾ നടപ്പാക്കിയിരിക്കുന്ന മേലസമ്പ്രദായംകൊണ്ട് വളരെ കുടുംബങ്ങൾ തൊഴിലില്ലാതെ കഷ്ടപ്പെടുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. എം. തോമസ്: ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വണ്ടിക്കാർക്ക്, അതായതു്, ഫാറസ്റ്റിൽനിന്നും വിറക് വെട്ടിക്കൊണ്ടുപോകുന്നവർക്ക്, തൊഴിൽ കിട്ടാതെ കഴപ്പം ഉണ്ടായിട്ടുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർക്ക് തൊഴിൽ കഴപ്പം നേരിട്ടിരിക്കുന്നതായി ഗവൺമെന്റിന്റെ അറിവിൽ പെട്ടിട്ടില്ല.

Sri. A. K. George: Have the Gevernment got representations from people of the Cochin area and from certain institutions that the old fuel system must be restored?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയൊരഭിപ്രായവും ഉണ്ട്.

ശ്രീ. എ. കെ. പാപ്പുപിള്ള: കാടുകളിൽ വെട്ടിയിട്ടിട്ടുള്ള വിറക് വളരെ കാലം കിടന്ന് നശിച്ചുതുടങ്ങിയിട്ടുള്ളതായി ഗവൺമെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ അത്ര ശ്രദ്ധിച്ചിട്ടില്ല.

Sri. A. K. George: Do not the Government propose to reorganise the system in the Cochin area at an early date?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ ഇപ്പോൾ എങ്ങിനെ പറയാനാണ്?

Sri. A. K. George: Do the Government propose to reorgnise the system?

Mr. Speaker: That is a suggestion for future action.

പ്രൈവറ്റ് ബസ്സുകൾ

*൯൧. (൨൪) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്ന റോഡുകളിൽ മുന്നു മൈലിൽ കൂടുതൽ പ്രൈവറ്റ് ബസ്സുകൾ ഏതു സ്ഥലങ്ങളിൽ ഓടുന്നുണ്ട്?

(ബി) ഓരോ സ്ഥലത്തും അനുവദിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൨൫ റൂട്ടുകൾ.

(ബി) നാലു മൈലിൽ കൂടുതൽ ഓവർലാപ്പിംഗ് അനുവദിക്കുന്നതല്ലെന്നു ട്രാൻസ്പോർട്ട് അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനു് മുമ്പ് നാലു മൈലിൽ കൂടുതൽ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്. ഡിസ്പ്ലേസ്ഡ് ബസ്സുകൾക്ക് പ്രത്യേക പരിഗണന ഇക്കാര്യത്തിൽ കാണിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു്: ഈ സ്ഥലങ്ങളിൽ പ്രൈവറ്റ് ബസ്സുകൾക്ക് അനുവാദം നൽകുമോ?

Mr. Speaker: That is only an opinion.

LIBRARY ARCHIVES Kerala Legislative Assembly